# കേരള സർവകലാശാല

നം. പി.ആർ.164/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം-2017
### ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് ജൂലൈ 24 മുതൽ അവസരം

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ്, സ്വാശ്രയ, ഐ.എച്ച്.ആർ.ഡി.) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള (http://admissions.keralauniversity.ac.in) വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുവാൻ അവസരം നൽകുന്നു. ജൂലൈ 24-ാം തീയതി വൈകുന്നേരം 5 മണി മുതൽ ജൂലൈയ് 27-ാം തീയതി വൈകുന്നേരം 5 മണി വരെ സ്വന്തം ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്താം. പുതിയ ഓപ്ഷനുകൾ ചേർക്കാനും ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യാനും ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ഓൺലൈൻ അപേക്ഷയിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തുവാനും ഉണ്ടെങ്കിൽ ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ജൂലൈ 27 വൈകുന്നേരം 5.00 മണിക്ക് ശേഷം ഓൺലൈൻ അപേക്ഷയിൽ യാതൊരു വിധത്തിലുള്ള തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഓരോ കോളേജുകളിലും നിലവിലുള്ള ഒഴിവുകളും ഏറ്റവും ഒടുവിൽ പ്രവേശനം ലഭിച്ച കുട്ടിയുടെ ഇൻഡക്സ് മാർക്ക് 'Last Index Mark' എന്നിവ (http://admissions.keralauniversity.ac.in) വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഇൻഡക്സ് മാർക്ക് ഈ വിവരവുമായി താരതമ്യപ്പെടുത്തി തങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഓപ്ഷനുകൾ ക്രമീകരിക്കാവുന്നതാണ്. ഇത്തരത്തിൽ വരുത്തിയ മാറ്റങ്ങൾ എല്ലാം പരിഗണിച്ച് ജൂലൈ 31-ാം തീയതി നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തും. ഒന്നാം ഓപ്ഷൻ തന്നെ ലഭിച്ച വിദ്യാർത്ഥികൾക്ക് തിരുത്തലിന് അവസരം ഇല്ല. പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷനുകളിൽ മാറ്റം വരുത്താം. ഇപ്പോൾ ലഭിച്ച കോളേജ്, കോഴ്സ് എന്നിവയിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യണം.

### ബി.പി.എഡ് സൂക്ഷ്മപരിശോധന/പുനർമൂല്യനിർണയം: തീയതി നീട്ടി

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ ബി.പി.എഡ് ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) മൂന്നും അഞ്ചും സെമസ്റ്റർ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31 വരെ നീട്ടിയിരിക്കുന്നു

### എം.എഡ് ഫലം

കേരള സർവകലാശാല മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എഡ് (ഏകവത്സരം - സപ്ലിമെന്ററി - 2014 സ്കീം) ഡിഗ്രി ഫലം വെബ്സൈറ്റിൽ

(www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് ഒന്ന്.

## എം.എച്ച്.ആർ.എം മാർക്ക്ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2016 ഡിസംബർ 2017 ജനുവരി മാസങ്ങളിൽ നടത്തിയ എം.എച്ച്.ആർ.എം പ്രീവിയസ്, ഫൈനൽ (റഗുലർ/റീ അപ്പിയറൻസ്) പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ ജൂലൈ 24, 25 തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ഹാൾടിക്കറ്റും ഡിഗ്രി കോപ്പിയും സഹിതം വന്ന് കൈപ്പറ്റണം.

## വനിതാ ഹോസ്റ്റൽ പ്രവേശനം

കേരള സർവകലാശാലയുടെ കീഴിലുള്ള ഗവ. കോളേജുകളിലെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിനികൾക്ക് തൈക്കാടുള്ള സർവകലാശാല വനിതാ ഹോസ്റ്റൽ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റ് (http://hostel.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ ലഭിക്കും.

## ബി.എ ഫലം

കേരള സർവകലാശാല ഏപ്രിൽ/ മെയ് മാസം നടത്തിയ ബി.എ (ആന്വൽ) പരീക്ഷയുടെ സോഷ്യോളജി മെയിനും സബ്സിഡിയറിയും, സംസ്കൃതം (സ്പെഷ്യൽ), ബി.എ (അഫ്സൽ-ഉൽ-ഉലമ) എന്നിവയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ടൈംടേബിൾ വെബ്സൈറ്റിൽ

കേരള സർവകലാശാലയുടെ ഇന്റഗ്രേറ്റഡ് ഡിപ്ലോമ എക്സാമിനേഷൻ ഇൻ റഷ്യൻ, സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ഇൻ ജർമ്മൻ, ഡിപ്ലോമ എക്സാമിനേഷൻ ഇൻ ജർമ്മൻ പരീക്ഷകൾ ജൂലൈ 28-ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
22.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098